ആമുഖം

# വായനയും പുനർവായനയും

മലയാള സാഹിത്യവിമർശനം ഉത്തരാധുനികതയുടെ വൈവിദ്ധ്യമാർന്ന വഴികളിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുകയാണ്. സാഹിത്യം, സമൂഹം, സംസ്കാരം, സ്വത്വബോധം, സൗന്ദര്യശാസ്ത്രം ഇവയെല്ലാം നമ്മുടെ വിമർശനങ്ങളിലൂടെ പുനർവായിക്കപ്പെടേണ്ടത് കാലത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. അതിനാലാണ് 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകം മുതലാരംഭിച്ച മലയാള വിമർശനത്തിന്റെ വിവിധഘട്ടങ്ങളെയും, സമകാലിക നിരൂപണധാരകളെയും ഉൾപ്പെടുത്തി ഒരു ജേർണൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചത്. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ സാധ്യമാക്കിയ സംവാദങ്ങളുടെ രാഷ്ട്രീയം കൂടുതൽ ആഴത്തിൽ ചർച്ചചെയ്ത് സാഹിത്യത്തിൽനിന്ന് സംസ്കാരികതയിലേക്ക് പരിണമിക്കുന്ന ഒരു നൂതന ഭാവുകത്വത്തെ കൂടുതൽ തെളിമയുള്ളതാക്കിമാറ്റാൻ ഇത്തരം പുനർവായനകൾ പ്രയോജനപ്പെടും എന്ന് വിശ്വസിക്കുന്നു.

ഏതുകാലവും അക്കാലത്തെ സമൂഹവുമായി തുറന്ന സംവാദത്തിന് തയ്യാറാകണം. അതിലേക്കുള്ള രണ്ടു വഴികളാണ് എഴുത്തും വായനയും. വായന സർഗ്ഗാത്മകവും വിമർശാത്മകവുമായ വ്യത്യസ്ത ചോദനകളെ ഉൾക്കൊള്ളുന്നു. കാലദേശഭേദങ്ങളെ അതിജീവിക്കുകയും പുനർവായനയുടെ സാദ്ധ്യതകൾ ഉറപ്പിക്കുകയും ചെയ്യുന്നവയെയാണ് നാം ഉത്തമകൃതികൾ എന്നുവിളിക്കുന്നത്. എഴുത്തുകാരന്റെയും സമൂഹത്തിന്റെയും സത്തയെ ഉൾക്കൊള്ളുന്നവയാണ് ഓരോ കൃതിയും.

ഒരു നൂറ്റാണ്ടിലേറെ പാരമ്പര്യം മാത്രമാണ് മലയാളനിരൂപണത്തിന് അവകാശപ്പെടാനുള്ളത്. കേരളവർമ്മ വലിയ

കോയിത്തമ്പുരാനിലാരംഭിക്കുന്ന ഈ നിരൂപണപാരമ്പര്യം മലയാളത്തിലെ ആദികാല രചനകളിൽ ഊന്നിയാണ് അതിന് തുടക്കം കുറിച്ചത്. ഇംഗ്ലീഷ് ഭാഷയുടെയും സാഹിത്യത്തിന്റെയും കടന്നുവരവ് നമ്മുടെ നിരൂപണമേഖലയെയും സർഗ്ഗാത്മകമാക്കി. വായനയുടെ നിരൂപണാത്മവും അന്വേഷണാത്മകവുമായ തലമാണ് പുനർവായന. പുനർവായനകൾ ചിലപ്പോൾ യാദൃച്ഛികവും മറ്റുചിലപ്പോൾ ബോധപൂർവ്വകവുമായ പ്രവൃത്തിയാണ്. ഉദാഹരണമായി മലയാളത്തിലെ ആദ്യത്തെ നോവലായ ഇന്ദുലേഖയെ പുനർവായിക്കുമ്പോൾ ഒരു വിഭാഗം നിരൂപകർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മൂല്യബോധത്തെ വാഴ്ത്തുന്നു; സ്ത്രീവാദികൾ സ്ത്രീസ്വത്വ നിർമ്മിതിയുടെ ആദർശരൂപമായി കാണുന്നു. എന്നാൽ ഫ്യൂഡൽ വ്യവസ്ഥിതിയുടെ വിശദമായ ചർച്ച നടക്കുന്നതിനാൽ അന്നത്തെ സാമൂഹികപരിതാവസ്ഥയുടെ പരിച്ഛേദമായി പുനർവായിക്കുന്നവരുമുണ്ട്. സാഹിത്യവും ജീവിതവും തമ്മിലുള്ള ബന്ധം തന്നെയാണ് ഓരോ കൃതിയുടെയും പ്രതിനിധാനം എങ്ങനെയായിരിക്കണമെന്നതിന് ഇന്നും ആധാരമായി നില്ക്കുന്നത്. എല്ലാത്തരം പ്രതിനിധാനങ്ങളെയും ഉൾക്കൊള്ളുന്ന ഒരു പുതിയ പരിപ്രേക്ഷ്യത്തിലേക്ക് സാഹിത്യത്തെ ഉയർത്താനാണ് പുനർവായനകളിലൂടെ ശ്രമിക്കുന്നത്. ചിലപ്പോൾ പുനർവായനകൾ ദുർവായനകളായി മാറാറുണ്ട്. വ്യക്തിതാല്പര്യങ്ങൾ, രാഷ്ട്രീയ ലക്ഷ്യങ്ങൾ മുതലായവ പുനർവായനകളുടെ സാധ്യതകളെ നിഷ്ക്രിയമാക്കിമാറ്റും. ഈ ജേർണലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങളെക്കുറിച്ച് ചില വാക്കുകൾ ചുവടെ ചേർക്കുന്നു.

മലയാള നിരൂപണം–പുനർവായനകൾ എന്ന പി. പവിത്രന്റെ ലേഖനം ചരിത്രപരമായി രൂപപ്പെടുന്ന വിചാര മാതൃകകൾക്കകത്താണ് സാഹിത്യ വിമർശനം എക്കാലവും നിലനിന്നത് എന്ന് സമർത്ഥിക്കുന്നു. സാഹിത്യവിമർശനത്തിന്റെ പുനർവായനകൾ എന്നു പറയുന്നത് വിമർശനത്തിന്റെ കേവലരൂപത്തിൽ മാത്രമല്ല,നമ്മുടെ സൗന്ദര്യാനുഭൂതിയെക്കൂടി പുനർവായിക്കുന്നതാവണമെന്നും ലേഖകൻ അഭിപ്രായപ്പെടുന്നു.

ആദ്യകാല നിരൂപണം–പുനർവായനയുടെ സാദ്ധ്യതകൾ എന്ന എൻ. അജയകുമാറിന്റെ ലേഖനം കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ഏ.ആർ രാജരാജവർമ്മ, സി.പി. അച്യുതമേനോൻ എന്നിവരുടെ നിരൂപണങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ആർജ്ജിച്ച സാഹിത്യസങ്കല്പങ്ങൾ ഈ മൂന്നുപേരുടേയും നിരൂപണത്തെ എങ്ങനെ സ്വാധീനിച്ചുവെന്നു

വിശകലനം ചെയ്യുകയും വായനയെ ജനാധിപത്യപരമായ സ്ഥാപന മായി കാണാനുള്ള ശ്രമം ഈ മൂന്നുപേരുടെയും സാഹിത്യ നിരൂപണ ത്തിന്റെ ആശയാടിത്തറയായി ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. ഇംഗ്ലീഷിന്റെ യും സംസ്കൃതത്തിന്റെയും സത്ത സ്വാംശീകരിച്ച ഇവർ മലയാളത്തിന്റെ ആധുനികീകരണത്തിൽ തമിഴിന്റെ സ്ഥാനം കാണാതെ പോകുന്ന തായി ലേഖകൻ വിമർശിക്കുന്നു.

പരിസ്ഥിതി സാഹിത്യം എന്നു വാഴ്ത്തപ്പെടുന്നരചനകൾ യഥാർത്ഥ പാരിസ്ഥിതികാവബോധത്തിന്റെ ഉല്പന്നങ്ങൾ ആയിരുന്നോ എന്ന സൂക്ഷ്മപരിശോധനയാണ് പരിസ്ഥിതിനിരൂപണത്തിന്റെ പ്രതി സന്ധികൾ എന്ന വത്സലൻ വാതുശ്ശേരിയുടെ ലേഖനം. സാഹിത്യ കൃതികളിലെ പ്രകൃതിവർണ്ണനകളുടെ കണക്കെടുപ്പായി പരിസ്ഥിതി നിരൂപണം മാറുന്നതിനെയും മണിപ്രവാളകൃതികളെപ്പോലും ഇത്തര ത്തിൽ പരിസ്ഥിതി കവിതകളായി പരിഗണിക്കുന്നതിനെയും അദ്ദേഹം വിമർശിക്കുന്നു. നാഗരികമായ വീക്ഷണസ്ഥാനത്തുനിന്നുകൊണ്ടാണ് നമ്മുടെ കവികൾ പരിസ്ഥിതി കവിതകൾ രചിച്ചതെന്നും അവരുടെ ഫ്യൂഡൽനൊസ്റ്റാൾജിയകളെ ആദർശവത്കരിക്കുന്ന പണിയാണ് ജി. മധുസൂദനൻ അടക്കമുള്ള പരിസ്ഥിതി നിരൂപകർ ചെയ്തതെന്നും പരിസ്ഥിതി, പ്രശ്നമായി ഉന്നയിക്കാത്ത കൃതികളെ പരിസ്ഥിതി സാഹി ത്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നും ലേഖനം അടിവ രയിട്ട് ഉറപ്പിക്കുന്നു.

കലയിലെ പ്രതിനിധാനം: ജീവൽ സാഹിത്യത്തിന്റെ മാറുന്ന പരിപ്രേക്ഷ്യം എന്ന ഡോ.കെ.എം. അനിലിന്റെ ലേഖനം , മാർക്സി ന്റെ സൗന്ദര്യശാസ്ത്ര വിശകലനം , ലെനിന്റെ പ്രതിഫലന സിദ്ധാന്തം, ലൂക്കാച്ചിന്റെ ക്രിട്ടിക്കൽ റിയലിസത്തിന്റ സാദ്ധ്യതകൾ ഇവയുടെ യൊക്കെ വെളിച്ചത്തിൽമലയാളത്തിലെ ജീവൽ സാഹിത്യപ്രസ്ഥാ നത്തിന്റെ ഉത്ഭവവും വളർച്ചയും വിമർശനാത്മകമായി വിലയിരുത്തു ന്നു. ജീവൽസാഹിത്യത്തെ സൈദ്ധാന്തികമായി വികസിപ്പിച്ചെടുത്ത കേസരിയിൽ നിന്നും ബി. രാജീവനിലേക്ക് എത്തുമ്പോൾ വരുന്ന മാറ്റം കൃത്യമായി അടയാളപ്പെടുത്തുന്നു. കലയെ ഉപകരണം മാത്രമായിക്ക ണ്ടിരുന്ന ആദ്യ കാലഘട്ടത്തിൽ നിന്നും പില്ക്കാല മാർക്സിസ്റ്റ് ചിന്തകർ മോചിതരാകുന്നതായി ലേഖനം വിലയിരുത്തുന്നു. സ്റ്റാലിനിസ്റ്റ് കലാചി ന്തയുടെയും ലിബറൽ വ്യക്തിവാദത്തിന്റെയും കേവല വൈരുദ്ധ്യത്തിൽ നിന്ന് പില്ക്കാല മാർക്സിസ്റ്റ് വിമർശനം മുക്തമാകുന്നതായി അദ്ദേഹം നിരീ ക്ഷിക്കുന്നു.

മണിപ്രവാള വിമർശനങ്ങൾ മൊഴിയും പൊരുളും എന്ന കെ.വി. ദിലീപ് കുമാറിന്റെ ലേഖനം, പ്രാചീന മണിപ്രവാളകവിതകളെല്ലാം ക്ഷേത്രോപജീവികളായ ഉപരിവർഗ്ഗത്തിന്റെ നേരമ്പോക്കുകളായ ശൃംഗാര കവിതകളാണെന്നും ഉയർന്ന വർഗ്ഗത്തിന്റെ സന്മാർഗ്ഗ ജീവിതം അധഃപതിച്ച കാലഘട്ടത്തെയാണ് ഈ കൃതികൾ പ്രതിനിധീകരിക്കുന്നതെന്നുമുള്ള ഇളംകുളത്തിന്റെയും അദ്ദേഹത്തിന്റെ സ്കൂളിൽപ്പെട്ട മറ്റു ഗവേഷകരുടെയും വാദങ്ങളെ പുനർവിചിന്തനത്തിനു വിധേയമാക്കുന്നു. കവിനിർമ്മിത യാഥാർത്ഥ്യവും ചരിത്രയാഥാർത്ഥ്യവും കൂട്ടിക്കുഴച്ചത് ഈ പഠനങ്ങളുടെ പിഴവായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.ശരീര വർണ്ണന അക്കാലത്തെ മണിപ്രവാളകൃതികളിൽ മാത്രമല്ല തമിഴ് തെലുങ്ക് സാഹിത്യത്തിലും കാണാമെന്നും ഈ വർണ്ണനകൾക്കപ്പുറത്ത് അധികാര വാണിജ്യ ബന്ധങ്ങൾ, തൊഴിൽക്കൂട്ടായ്മകൾ, പ്രാദേശിക സംസ്കാരം എന്നിവയെക്കൂടി അവ അടയാളപ്പെടുത്തുന്നുണ്ടെന്നും വൈശികതന്ത്രം, ഉണ്ണുനീലി സന്ദേശം എന്നീ കൃതികളെ മുൻനിർത്തി അദ്ദേഹം സമർത്ഥിക്കുന്നു.

നിരൂപണത്തിന്റെ ദ്രാവിഡമുഖം പുനർവായനയ്ക്ക് വിധേയമാക്കിയിരിക്കുന്നു ഡോ. എം. കൃഷ്ണൻ നമ്പൂതിരി. വിമത ലൈംഗികതയുടെ അംഗീകാരവും ദൃശ്യപരതയും നല്കുന്ന സാറാജോസഫിന്റെ 'ആളോഹരി ആനന്ദം' എന്ന കൃതിയെ പുനർവായിക്കുകയാണ് ലിംഗപദവിയും വിമതലൈംഗികതയും എന്ന ലേഖനത്തിൽ ഷംഷാദ് ഹുസൈൻ.

നവോത്ഥാനകാലവിമർശം: നിലപാടുകളും പരിവർത്തനങ്ങളും എന്ന എം.എൻ. രാജന്റെ ലേഖനം, നവോത്ഥാനകാലവിമർശകരിൽ പ്രധാനികളായ കേസരി, പോൾ, മുണ്ടശ്ശേരി, മാരാർ എന്നിവരുടെ വിമർശനത്തിലെ മുഖ്യസവിശേഷതകൾ പരിശോധിച്ചുകൊണ്ട് നവോത്ഥാനകാല വിമർശനത്തിന്റെ പൊതുസ്വഭാവം അപഗ്രഥിക്കുകയും വിമർശന വിധേയമാക്കുകയും ചെയ്യുന്നു. കേരളീയവും ബഹുസ്വരവുമായ ആവിഷ്കാരങ്ങളുടെ ചരിത്രത്തിലും സങ്കേതങ്ങളിലുംനിന്ന് പുതിയ ഭാവുകത്വസാദ്ധ്യതകൾകണ്ടെടുക്കാൻ നവോത്ഥാനകാല വിമർശനത്തിനായില്ലെന്നും തല്ക്കാല സാംസ്കാരിക യുക്തിക്കിണങ്ങുന്ന പാശ്ചാത്യ ആശയങ്ങളോ സംസ്കൃത-പാശ്ചാത്യ സമന്വയമോ മാത്രമേ നവോത്ഥാനകാല വിമർശനത്തിനും മുന്നോട്ടുവെയ്ക്കാനുള്ളുവെന്നും ലേഖകൻ ചൂണ്ടിക്കാട്ടുന്നു.

രാഷ്ട്രം, സമൂഹം, ജാതി എന്നിവയുടെ കെട്ടുപാടുകളിൽനിന്നും സ്വതന്ത്രമാകുന്ന വ്യക്തിസത്തയെ സി.ജെ. തോമസിന്റെ കൃതികളിൽ

കണ്ടെത്താനാണ് അക്ഷയ ടി.എസ്. അദ്ദേഹത്തിന്റെ നിരൂപണകൃതികളെ പുനർവായനയ്ക്ക് വിധേയമാക്കിയിരിക്കുന്നത്.

കുടുംബമെന്ന സ്ഥാപനത്തിന്റെ രൂപീകരണം സ്വകാര്യസ്വത്ത് എന്ന പുതിയ സങ്കല്പനം രൂപപ്പെടുത്തുകയും നിലവിലുണ്ടായിരുന്ന ദായക്രമത്തെ മാറ്റിമറിക്കുകയും ചെയ്തു. ഈ മാറ്റങ്ങളെ ഏംഗൽസിയൻ ചിന്താപദ്ധതിക്കനുസരിച്ച് പുനർവായിക്കാനാണ് അമ്പിളി എം.പി. 'നവകുടുംബനിർമ്മിതിയും ഏംഗൽസിയൻ ചിന്താപദ്ധതിയും' എന്ന ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

കവിതയിൽ ഭാവത്തിനിണങ്ങുന്ന രൂപം കണ്ടെത്തുന്നതിൽ ആശാൻ, ഉള്ളൂർ, വള്ളത്തോൾ, എന്നിവർ എത്രമാത്രം വിജയിച്ചിരിക്കുന്നു എന്നതിനെ സൗന്ദര്യാധിഷ്ഠിത നിരൂപണത്തിലൂടെ എം.ആർ. നായർ സാഹിത്യനികഷത്തിൽ അവതരിപ്പിച്ച ആശയങ്ങളുടെ പുനർവായനയാണ് ദിൽഷയുടെ 'എം.ആർ. നായരുടെ കാവ്യസങ്കല്പം: കവിത്രയനിരൂപണങ്ങളെ മുൻനിർത്തിയിട്ടുള്ള അന്വേഷണം' എന്ന ലേഖനം.

മലയാളഭാഷയുടെ ചരിത്രത്തിന്റെയും സാഹിത്യത്തിന്റെയും വ്യാകരണത്തിന്റെയും നിരൂപണത്തിന്റെയും ശക്തമായ അടിത്തറയിലൂന്നിക്കൊണ്ട് ഭാരതീയ കാവ്യമീമാംസയുടെ പുനർവിന്യാസമാണ് ലീലാതിലകകാരൻ നടത്തിയിരിക്കുന്നത് എന്ന കണ്ടെത്തലാണ് മഞ്ജു കെ.യുടെ 'മലയാളിയുടെ വിമർശാവബോധത്തിന്റെ വികാസം: ലീലാതിലകത്തെ മുൻനിർത്തി ഒരന്വേഷണം' എന്ന ലേഖനത്തിൽ.

'പാഠവിമർശം സാഹിതീയതയിൽ നിന്നും സാംസ്കാരികതയിലേക്ക്' എന്ന മഞ്ജു എം.പി.യുടെ ലേഖനത്തിൽ ഓരോ പാഠവും ഓരോ പ്രദേശത്തിന്റെ പ്രതിനിധാനമായതിനാൽ ആ പ്രദേശത്തിന്റെ സാംസ്കാരികപശ്ചാത്തലത്തിൽ നിന്നുകൊണ്ടുമാത്രമേ ഓരോ പാഠത്തെയും പഠിക്കാനാകൂ എന്നു കണ്ടെത്തിയിരിക്കുന്നു.

പൗരസ്ത്യവും പാശ്ചാത്യവുമായ നിരൂപണപദ്ധതികളെ ഉൾക്കൊണ്ട് സ്വതന്ത്രമായ നിലപാടുകൾ സാഹിത്യനിരൂപണത്തിലൂടെ ഉയർത്തിപ്പിടിക്കാനുള്ള കരുത്ത് ലീലാവതി ടീച്ചറിന്റെ നിരൂപണത്തിനുണ്ടെന്ന് നേവി ജോർജ്ജ് 'പാശ്ചാത്യ-പൗരസ്ത്യ സൈദ്ധാന്തിക സമീക്ഷകൾ –ഡോ. എം. ലീലാവതിയുടെ നിരൂപണലോകം' എന്ന ലേഖനത്തിലൂടെ കണ്ടെത്തുന്നു.

സംഘംകൃതികളിലെ തിണസങ്കല്പത്തെ മലയാളകഥാസാഹിത്യത്തിലെ നവോത്ഥാനകാലകഥകളിലെ കാർഷികസങ്കല്പങ്ങളുമായി

ചേർന്ന് പുനർവായിക്കുകയാണ്, ഡോ. എം. കൃഷ്ണൻ നമ്പൂതിരി 'സാഹിത്യനിരൂപണത്തിന്റെ ദ്രാവിഡമുഖം—സിദ്ധാന്തവും പ്രയോഗവും' എന്ന ലേഖനത്തിലൂടെ ചെയ്തിരിക്കുന്നത്.

നിരൂപണത്തിലെ അധികാരഘടന എന്ന ലേഖനത്തിൽ ദിവ്യ. ഒ.ഡി., അയ്യപ്പപണിക്കരുടെ കവിതകളിലെ ആധുനികാപരത സാഹിത്യ നിരൂപണത്തിലെ വ്യത്യസ്ത കാലഘട്ടങ്ങളിലെ നിരൂപകർ വിലയിരുത്തിയിരിക്കുന്നതെങ്ങനെയാണെന്ന് പഠിക്കുന്നു. പ്രതിജ്ഞാബദ്ധത എപ്പോഴും നിരൂപകർ അഭിമുഖീകരിക്കേണ്ടുന്ന പ്രധാന പ്രശ്നമാണെന്ന് കണ്ടെത്തുന്നു.

'മുണ്ടശ്ശേരിയുടെ ശകുന്തള—ലിംഗപദവിയിലെ വൈരുദ്ധ്യങ്ങളുടെ പഠനം' എന്ന ലേഖനത്തിൽ മഹാഭാരതത്തിലെ ശാകുന്തളോപാഖ്യാനത്തിലും കാളിദാസന്റെ ശാകുന്തളത്തിലും ശകുന്തള എന്ന കഥാപാത്രം നേരിടേണ്ടിവരുന്ന ലിംഗവിവേചനത്തെ മുണ്ടശ്ശേരിയുടെ 'കാളിദാസനും കാലത്തിന്റെ ദാസൻ' എന്ന ലേഖനത്തെ ആസ്പദമാക്കി പുനർവായിക്കുകയാണ് ജൂലിയാഡേവിഡ്.

മലയാളത്തിലെ ആദ്യത്തെ സാഹിത്യവിമർശന മാതൃക എന്ന നിലയിൽ 'എഴുത്തച്ഛനും കാലവും' എന്ന ഗവേഷണ പ്രബന്ധത്തെ പുനർവായിക്കുകയാണ് ടി.എം. സോമലാൽ. സാഹിത്യ പഠനത്തിന്റെ ആധുനിക യുക്തികൾക്കെതിരായാട്ടാണ് പ്രബന്ധം നിലനില്ക്കുന്നത് എന്ന് ലേഖകൻ കണ്ടെത്തുന്നു.

സ്ത്രീ-പുരുഷൻ എന്ന ദ്വന്ദമില്ലാതെ മനുഷ്യൻ എന്ന ഒറ്റ സങ്കല്പത്തെ രൂപീകരിക്കാനാണ് സ്ത്രീവാദ നിരൂപണം നിലകൊള്ളുന്നത് എന്ന ആശയത്തെ ബലപ്പെടുത്തുകയാണ് സോണിയ ഇ.പ. 'സ്ത്രീവാദവും മലയാള സാഹിത്യനിരൂപണവും' എന്ന ലേഖനത്തിലൂടെ ചെയ്തിരിക്കുന്നത്.

വി.വിജയകുമാറിന്റെ 'സ്ഥലം, കാലം, ചരിത്രം,' എന്ന ലേഖനത്തിൽ കെ.പി. അപ്പൻ തന്റെ നിരൂപണങ്ങളിൽ സ്ഥലം, കാലം, ചരിത്രം, എന്നിവ എങ്ങനെയാണ് പരിഗണിച്ചിരിക്കുന്നത് എന്നതിന്റെ പുനർവായനയാണ് നടത്തിയിരിക്കുന്നത്.

മലയാളവിഭാഗത്തിലെ റിസർച്ച്ജേർണലിന്റെ ആറാം ലക്കമാണ് ഇപ്പോൾ പുറത്തിറങ്ങുന്നത്. ഈ ലക്കത്തിലെ പ്രബന്ധങ്ങൾ പിയർ റിവ്യൂ നടത്തിത്തന്ന നിരൂപകനും തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജ് മലയാളവിഭാഗം അധ്യക്ഷനുമായ ഡോ.സന്തോഷ് മാനിച്ചേരിക്ക്

അളവറ്റ നന്ദി. കോളേജ് പ്രൻസിപ്പാൾ, മലയാള വകുപ്പിലെ അദ്ധ്യാപകർ, ലേഖനങ്ങൾ തന്ന നിരൂപകർ, അദ്ധ്യാപകർ, ഗവേഷകവിദ്യാർത്ഥികൾ എല്ലാവർക്കും ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

പുല്ലൂറ്റ്
01.02.18

ഡോ: ദീപ ബി. എസ്.
ഡോ: സരിത കെ.ആർ.
*ഇഷ്യൂ എഡിറ്റേഴ്സ്*

.